1621
20/1/18

**കേരള സർക്കാർ**

**സംഗ്രഹം**

നിലമ്പൂർ നോർത്ത് ഡിവിഷനിൽ നടന്ന ഇ-ലേലം - ശ്രീ.സാജഹാൻ, മെസ്സേഴ്സ് നിയാ ഫർണിച്ചർ, മമ്പാട് ലേലം കൊണ്ട ലോട്ടുകൾ - തുക അടയ്ക്കുന്നതിന് സമയ പരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യ ജീവി (ബി)വകുപ്പ്

സ.ഉ(സാധാ)നം.19/2018/വനം. തീയതി, തിരുവനന്തപുരം 17.01.2018

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ 22.11.2017-ലെ പ്രൊ(4) 60171/16 നമ്പർ കത്ത്.

**ഉത്തരവ്**

നിലമ്പൂർ നോർത്ത് ഡിവിഷനിൽ 21.08.2017-ാം തീയതി നടന്ന ഇ-ലേലത്തിൽ ശ്രീ.സാജഹാൻ, മെസ്സേഴ്സ് നിയാ ഫർണിച്ചർ, മമ്പാട് എന്നയാൾ പങ്കെടുക്കുകയും, 10 ലോട്ടുകൾ ലേലം കൊള്ളുകയും ചെയ്തു. ലേല നിബന്ധന പ്രകാരം സെയിൽ ഓർഡർ ലഭിച്ച് ഏഴ് ദിവസങ്ങൾക്കകം ലേലത്തുകയുടെ 35% അടയ്ക്കേണ്ടതാണ്. എന്നാൽ തേക്ക് വിറക്, തേക്ക് ബില്ലറ്റ് എന്നിവയടങ്ങുന്ന പത്ത് ലോട്ടുകൾ ടിയാൻ ലേലം കൊണ്ടെങ്കിലും ലേലതുകയുടെ 35% അടക്കേണ്ട 07.10.2017-ാം തീയതിക്കകം ലേലതുക അടയ്ക്കുന്നതിൽ ടിയാൻ വീഴ്ച വരുത്തിയിട്ടുള്ളതാണ്. ഇപ്രകാരം വീഴ്ച വരുത്തിയാൽ ലേലം കൊണ്ട ലോട്ടുകൾ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തേണ്ടതാണ്.

2) നിലമ്പൂർ നോർത്ത് ഡിവിഷനിൽ ജി.എസ്.റ്റി രജിസ്ട്രേഷൻ ലഭിക്കുന്നത് 21.09.2017 ലായതിനാൽ മെസ്സേഴ്സ് നിയാ ഫർണിച്ചർ, മമ്പാട് എന്ന സ്ഥാപനത്തിന് പണം ഒടുക്കുന്നതിന് കാലതാമസം നേരിട്ടത് എം.എസ്.റ്റി.സി സെയിൽ ഓർഡർ ഇഷ്യൂ ചെയ്യാൻ സാധാരണയിലധികം വൈകിയതിനാലും 29.09.2017 മുതൽ 02.10.2017 വരെ സർക്കാർ അവധി ദിവസങ്ങളായതിനാലും, ലേല സ്ഥിരീകരണം ലഭിച്ച ലോട്ടുകളുടെ ബാക്കി തുക ലേലസ്ഥിരീകരണം ലഭിച്ച തീയതി മുതൽ ഏഴ് പ്രവർത്തി ദിവസത്തിനകം അടയ്ക്കുന്നതിൽ ടി

സ്ഥാപനം വീഴ്ചവരുത്തിയിട്ടുള്ളതാണ്. 35% ലേലത്തുക അടയ്ക്കേണ്ട തീയതി 07.10.2017 ആയിരുന്നു. ഡിവിഷൻ ഓഫീസിൽ നിന്നും ലേലം കൊണ്ടയാൾക്ക് നേരിട്ട് അറിയിപ്പ് നൽകിയിട്ടില്ലാത്തതിനാലും സെയിൽ ഓർഡർ ശ്രദ്ധയിൽ പെടാൻ വൈകിയതിനാലുമാണ് മൂന്ന് ദിവസത്തെ കാലതാമസമുണ്ടായത് എന്നും കൂടാതെ ഷെഡ്യൂൾ റേറ്റിനേക്കാൾ ഇരട്ടിയോളം വില ലഭിച്ച സാഹചര്യത്തിൽ തുക അടയ്ക്കേണ്ട കാലയളവിൽ കേവലം മൂന്നു ദിവസത്തെ താമസമുണ്ടായതു മാപ്പാക്കി മെസ്സേഴ്സ് നിയാ ഫർണിച്ചർ, മമ്പാട് എന്ന സ്ഥാപനം ലേലം കൊണ്ട ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിലെ 14(a)(i), (ii), 14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചു കൊണ്ട് ബാക്കി തുകയും നികുതികളും, പിഴ പലിശയും അടയ്ക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശിത കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെസ്സേഴ്സ് നിയാ ഫർണീച്ചർ, മമ്പാട് എന്ന സ്ഥാപനത്തിന് ലേലം കൊണ്ട ലോട്ടുകൾ ഇ-ലേല വ്യവസ്ഥയിലെ 14(a)(i), (ii), 14(b) വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചു കൊണ്ട് ബാക്കി തുകയും നികുതികളും, പിഴ പലിശയും അടയ്ക്കാൻ ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഗിരിജ കുമാരി.ജി**
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ശ്രീ.സാജഹാൻ, മെസ്സേഴ്സ് നിയാ ഫർണിച്ചർ, മമ്പാട്
വെബ്ബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ